93 (111) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്ക് എതിരെയുള്ള എത്ര കുറ്റകൃത്യങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) വീട്ടിനുള്ളിൽ സ്ത്രീകൾക്കെതിരെയുള്ള എത്ര കുറ്റകൃത്യങ്ങൾ ഈ കാലത്ത് ഉണ്ടായിട്ടുണ്ട്;

(സി) വനിതാ കമ്മീഷനിലും ജാഗ്രതാ സെല്ലുകളിലും സ്ത്രീകൾക്ക് എതിരെയുള്ള എത്ര കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഈ കാലയളവിൽ വനിതാ പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള എത്ര കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) തൊഴിലിടങ്ങളിലെ ലൈംഗികപീഡനം തടയാനുള്ള സമിതികളിൽ ഈ ഗണത്തിൽപ്പെട്ട എത്ര പരാതികൾ കിട്ടിയിട്ടുണ്ട്?

ഉത്തരം

(എ) സ്ത്രീകൾക്കെതിരായി അക്രമങ്ങൾ നടന്നതായി 33944 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) '10237' പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ഡി) '5' കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

94 (112) സുജാമണിയെ അപമാനിച്ച സംഭവം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട വെങ്ങാനൂർ വില്ലേജിൽ പറയൻവിളാകത്ത് മേലേ പുത്തൻവീട്ടിൽ സുജാമണി എന്ന പെൺകുട്ടിയെ 22-5-2000-ൽ വഴിയിൽ തടഞ്ഞ് നിറുത്തി അപമാനിച്ചത് സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാമാണ്;

(സി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയുമോ; ഈ കേസിലെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. വെങ്ങാനൂർ വില്ലേജിൽ സിസിലിപുരം പറയൻവിളാകത്ത് മേലേ വീട്ടിൽ നടേശപ്പണിക്കർ മകൻ രാധാകൃഷ്ണൻ.

2. വെങ്ങാനൂർ വില്ലേജിൽ സിസിലിപുരം പറയൻവിളാകത്ത് മേലേ വീട്ടിൽ അപ്പുനാടാർ മകൻ ബാബു.

LIBRARY ARCHIVES Kerala Legislative Assembly